**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2176** **12-02-2024 - ൽ മറുപടിയ്ക്ക്**

**റോഡുവക്കിൽ അലക്ഷ്യമായി ഇട്ടിട്ടുള്ള കേബിളുകൾ നീക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുവക്കിൽ അലക്ഷ്യമായി കേബിളുകൾ ഇടുന്നത് നിമിത്തം വാഹനാപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്തത് കാരണം ഉണ്ടാകുന്ന ഇത്തരം അപകടങ്ങൾക്ക് ഉത്തരവാദികളായവർക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ:; | (എ) | മറ്റ ഏജൻസികളുടെ പൈപ്പുകൾ/കേബിളുകൾ സ്ഥാപിക്കുന്നതിനായി റോഡ് മുറിയ്ക്കുന്ന ഭാഗങ്ങളിൽ അപകട മുന്നറിയിപ്പ് നൽകുന്നതിനായി ഉചിതമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നുള്ള വ്യവസ്ഥയോടെയാണ് ബന്ധപ്പെട്ട ഏജൻസികൾക്ക് അനുവാദം നൽകി വരുന്നത്. അപ്രകാരം ഗതാഗത സുരക്ഷയ്ക്കായി സൈൻ ബോർഡുകൾ, traffic zone temporary barricade കൾ, direction indicator barricade, രാത്രികാലങ്ങളിൽ warning lights എന്നിവ ബന്ധപ്പെട്ട ഏജൻസികൾ സ്ഥാപിക്കാറുണ്ട്. റോഡുകൾ മുറിയ്ക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികൾ ഉത്തരവാദിയാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരം യൂട്ടിലിറ്റികൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ പൊതുമരാമത്ത് ഉദ്യോഗസ്ഥർ സന്ദർശിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ട നിർദ്ദേശവും നൽകി വരുന്നു. |
| (ബി) | ആവശ്യം കഴിഞ്ഞ കേബിളുകൾ റോഡരികിൽ ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നീക്കം ചെയ്യാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (ബി) | ഹൈക്കോടതിയിലെ WP(C) No. 34310/2019-ന്റെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് റോഡു വക്കിൽ അലക്ഷ്യമായി സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ നിമിത്തം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിലെ നിരത്തു വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ 16.02.2022, 07.06.2021തീയതികളിലെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഉത്തരവുകൾ പ്രകാരം റോഡുകളിൽ അപകടങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ള കേബിളുകൾ, പോസ്റ്റുകൾ, വയറുകൾ മുതലായവ ഉണ്ടോയെന്ന് പരിശോധിക്കാനും ആയതു ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകി കാൽനട യാത്രക്കാർക്കും വാഹന ഉപയോക്താക്കൾക്കും അപകടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ